# FOCUS AREA

## 7. FEDERALISM

India adopted federal system of government. Indian federal system consists of one central government and several state governments.

### The Division of Powers

The powers of the Central Government and the State Governments are very clearly described in the Constitution of India. Economic powers and other major powers are vested with the central government. The powers of the government are divided into three lists: the **Union List** consisting of 99 subjects under the authority of the Central Government, the **State List** containing the 61 subjects under the authority of the State Government, and the **Concurrent List** containing the 52 subjects under the authority of both the Central Government and the State Government. Decisions on the subjects in the Concurrent List can be taken by the Central Government and the State Government. But if there is a disagreement between the central and state governments, the decision of the central government will remain.

| UNION LIST | STATE LIST | CONCURRENT LIST |
|---|---|---|
| Defense | Agriculture | Education |
| Atomic energy | Police | Forests |
| Foreign affairs | Prison | Trade unions |
| War and Peace | Local governments | Adulteration |
| Banking | Public health | Adoption and succession |
| Railways | Livestock and Animal husbandry | Transfer of property other than agricultural land |
| Post and Telegraph | Liquor | |
| Airways | Trade and Commerce | |
| Ports | Land | |
| Foreign trade | State public service | |
| Currency and Coinage | | |

e PLUS KERALA in YouTube

ePLUS Kerala in YouTube

The Central Government has been given **residual powers** which are not included in all three lists. Example – Cyber Laws.

## Federalism with a Strong Central Government

The Indian federal system gives more powers to the central government . The reasons for giving the central government more power are as follows.

1. To maintain the unity of India.
2. To ensure the socio - economic development of the country.

The major provisions that strengthen the central government are given below.

1. The central government has the power to create new states and to change the boundaries and names of the states.
2. The central government has the power to declare an emergency.
3. The Central Government can dissolve the State Government and directly control the States by imposing presidential rule.
4. The central government has the authority over financial matters. It is the central government that passes the budget and decides the financial allocation of the states.
5. The Governor who is the representative of the Central Government has the right to interfere in the activities of the State Government.
6. The Rajya Sabha is empowered to change a subject from the State List to the Union List.
7. States cannot take disciplinary actions nor remove the officers in all India services.
8. The Parliament is authorised to protect the persons in the central or state service in respect of any action taken by them during martial law to maintain or restore order.

e PLUS KERALA in YouTube

ePLUS Kerala in YouTube

# 7. ഫെഡറലിസം

ഒരു കേന്ദ്ര ഗവൺമെന്റും അനേകം സംസ്ഥാന ഗവണ്മെന്റുകളും അടങ്ങുന്ന ഫെഡറൽ സംവിധാനമാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്

## അധികാര വിഭജനം

കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റുകളുടെയും അധികാരങ്ങൾ ഇന്ത്യൻ ഭരണഘടനയിൽ വളരെ വ്യക്തമായി വിവരിച്ചിട്ടുണ്ട്. സാമ്പത്തിക അധികാരങ്ങളും മറ്റു പ്രധാന അധികാരങ്ങളും നൽകിയിരിക്കുന്നത് കേന്ദ്ര ഗവൺമെന്റിനാണ്. കേന്ദ്ര ഗവൺമെൻറിൻറെ അധികാരത്തിൻ കീഴിലുള്ള 99 വിഷയങ്ങൾ അടങ്ങിയിരിക്കുന്ന **യൂണിയൻ ലിസ്റ്റ്**, സംസ്ഥാന ഗവൺമെൻറിൻറെ അധികാരത്തിൻ കീഴിലുള്ള 61 വിഷയങ്ങൾ അടങ്ങിയിരിക്കുന്ന **സംസ്ഥാന ലിസ്റ്റ്**, കേന്ദ്ര ഗവൺമെൻറിനും സംസ്ഥാന ഗവൺമെൻറിനും അധികാരമുള്ള 52 വിഷയങ്ങൾ അടങ്ങിയിരിക്കുന്ന **കൺകറൻറ് ലിസ്റ്റ്** എന്നിങ്ങനെ ഭരണഘടനയിൽ അധികാരവിഭജനം കൃത്യമായി രേഖ പെടുത്തിയിരിക്കുന്നു. കൺകറൻറ് ലിസ്റ്റിൽ പെട്ട വിഷയങ്ങളിൽ കേന്ദ്ര ഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റിനും തീരുമാനങ്ങൾ എ ടുക്കാവുന്നതാണ്. എന്നാൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ അഭിപ്രായ വ്യത്യാസം ഉണ്ടാകുകയാണെങ്കിൽ കേന്ദ്രനിയമം ആയിരിക്കും നിലനിൽക്കുക.

| യൂണിയൻ ലിസ്റ്റ് | സംസ്ഥാന ലിസ്റ്റ് | കൺകറൻറ് ലിസ്റ്റ് |
|---|---|---|
| പ്രതിരോധം | കൃഷി | വിദ്യാഭ്യാസം |
| ആണവോർജ്ജം | ജയിൽ | വനങ്ങൾ |
| വിദേശ ബന്ധം | പോലീസ് | മായം ചേർക്കൽ |
| യുദ്ധവും സമാധാനവും | ഭൂമി | ട്രേഡ് യൂണിയനുകൾ |
| ബാങ്കിംഗ് | പബ്ലിക് സർവീസ് കമ്മീഷൻ | കാർഷിക ഭൂമി ഒഴികെയുള്ള സ്വത്ത് കൈമാറ്റം |
| കറൻസിയും നാണയവും | കന്നുകാലികളും മൃഗസംരക്ഷണവും | ദത്തെടുക്കലും പിന്തുടർച്ചയും |
| പോസ്റ്റും ടെലിഗ്രാഫും | പ്രാദേശിക സർക്കാരുകൾ | |
| വ്യോമഗതാഗതം | മദ്യം | |
| തുറമുഖങ്ങൾ | പൊതുജനാരോഗ്യം | |
| വിദേശ വ്യാപാരം | വ്യാപാരവും വാണിജ്യവും | |
| റെയിൽവേ | | |

e PLUS KERALA in YouTube

ePLUS Kerala in YouTube

മൂന്ന ലിസ്റ്റിലും ഉൾപ്പെടാത്ത **അവശിഷ്ട അധികാരങ്ങൾ** നൽകിയിരിക്കുന്നത് കേന്ദ്ര ഗവൺമെന്റിനാണ് . സൈബർ നിയമങ്ങൾ അവശിഷ്ട അധികാരങ്ങൾക്ക് ഉദാഹരണമാണ് .

## ശക്തമായ കേന്ദ്ര ഗവൺമെൻറ്

കേന്ദ്ര ഗവൺമെന്റിന കൂടുതൽ അധികാരം നൽകുന്ന ഫെഡറൽ സംവിധാനമാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്. കേന്ദ്ര ഗവൺമെന്റിന കൂടുതൽ അധികാരം നൽകാൻ ഉള്ള കാരണങ്ങൾ താഴെ പറയുന്നു.

1. ഇന്ത്യയുടെ ഐക്യം നിലനിർത്തുന്നതിനുവേണ്ടി.
2. രാജ്യത്തിൻറെ സാമൂഹിക സാമ്പത്തിക പുരോഗതി ഉറപ്പുവരുത്തുന്നതിനു വേണ്ടി.

## കേന്ദ്ര ഗവൺമെന്റിനെ ശക്തിപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ

1. പുതിയ സംസ്ഥാനങ്ങൾ രൂപീകരിക്കുവാനും സംസ്ഥാനങ്ങളുടെ അതിർത്തി മാറ്റുവാനും ഉള്ള അധികാരം കേന്ദ്ര ഗവൺമെന്റിനാണ് ഉള്ളത്.
2. അടിയന്തരാവസ്ഥ പ്രഖ്യാപിക്കുവാനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിനു ഉണ്ട്.
3. സംസ്ഥാന ഗവൺമെൻറിനെ പിരിച്ചുവിട്ട് രാഷ്ട്രപതിഭരണം ഏർപ്പെടുത്താനും അതിലൂടെ സംസ്ഥാനങ്ങളെ നേരിട്ട് നിയന്ത്രിക്കാനും കേന്ദ്ര ഗവൺമെന്റിനു സാധിക്കുന്നു.
4. സാമ്പത്തിക കാര്യങ്ങളിൽ അധികാരം കൂടുതലുള്ളത് കേന്ദ്ര ഗവൺമെന്റിനാണ്. ബജറ്റ് പാസ്സാകുന്നതും സംസ്ഥാനങ്ങളുടെ സാമ്പത്തിക വിഹിതം തീരുമാനിക്കുന്നതും കേന്ദ്ര ഗവൺമെന്റാണ്.
5. കേന്ദ്ര ഗവൺമെൻറ് പ്രതിനിധിയായി പ്രവർത്തിക്കുന്ന ഗവർണർക്ക് സംസ്ഥാന ഗവൺമെൻറിൻറെ പ്രവർത്തനങ്ങളിൽ ഇടപെടാൻ അധികാരമുണ്ട്.
6. സംസ്ഥാന ലിസ്റ്റിൽ പെട്ട ഒരു വിഷയം യൂണിയൻ ലിസ്റ്റിലിലേക്ക് മാറ്റുവാൻ രാജ്യസഭയ്ക്ക് അധികാരമുണ്ട്.
7. സംസ്ഥാനങ്ങൾക്ക് അഖിലേന്ത്യാ സർവീസിലെ ഉദ്യോഗസ്ഥന്മാർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുവാനോ സർവീസിൽ നിന്നും നീക്കം ചെയ്യാനോ കഴിയില്ല.
8. കേന്ദ്ര സർവീസിലോ സംസ്ഥാന സർവീസിലോ ഉള്ള ഉദ്യോഗസ്ഥർ പട്ടാള നിയമം നിലവിൽ ഉള്ളപ്പോൾ നിയമപാലനം ഉറപ്പുവരുത്തുന്നതിനായി എടുക്കുന്ന ഏതൊരു നടപടിയെയും സംരക്ഷിക്കുവാനുള്ള അധികാരം പാർല മെന്റിനുണ്ട്.

Prepared by Mathew Joseph (GHSS Kozhichal)

e PLUS KERALA in YouTube